**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5015 — 24.07.2015 ൽ മറുപടിയ്ക്ക്

## ഒ. ഇ. സി ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒ. ബി. സി. വിഭാഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബി. ഡി. ദേവസ്സി** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| എ) | ഒ.ഇ.സി. ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് 2014 മെയ് 23-ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 30 സമുദായങ്ങളുടെ പദവി ഒ. ബി. സി. യിലാണോ, ഒ.ഇ.സി. യിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) | ഒബിസി പദവിയിൽ തന്നെയാണുള്ളത്. ടി സമുദായങ്ങളിലെ 6 ലക്ഷത്തിലധികരിക്കാത്ത വാർഷിക വരുമാനമുള്ളവർക്ക് ഒഇസിക്ക് നല്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്. |
| ബി) | ഓൺലൈൻ അപേക്ഷകൾ നല്കുമ്പോൾ ഈ സമുദായങ്ങളെക്കൂടി രേഖപ്പെടുത്തുവാൻ സംവിധാനമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഓൺലൈൻ അപേക്ഷ നല്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| സി) | ഈ ന്യൂനത പരിഹരിച്ചുകൊണ്ട് പ്രസ്തുത 30 സമുദായങ്ങളുടെ പേരു വിവരങ്ങൾ കൂടി ചേർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | ടി സമുദായങ്ങൾക്ക് ഓൺലൈനിൽ ആനുകൂല്യം അനുവദിച്ച് തുടങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**